(ഇ) കേന്ദ്ര ഗവൺമെന്റിന്റെ ടെക്സ്റ്റയിൽ നയം തിരുത്തുകയല്ലാതെ സംസ്ഥാന ഗവൺമെന്റിന് മാത്രമായി ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. ഇപ്രകാരം കേന്ദ്രം നയംതിരുത്തണമെന്ന് ഗവൺമെന്റിനോട് ഇതിനോടകം ആവശ്യപ്പെട്ടു കഴിഞ്ഞു. ടെക്സ്റ്റയിൽ രംഗത്തുള്ള കേരള സർക്കാർ ഉടമയിലുള്ളതും, സഹകരണ മേഖലയിലുള്ളതുമായ മില്ലുകൾക്ക് ആധുനിക വൽക്കരണം നടപ്പിലാക്കി വരുന്നുണ്ട്. ഇതുവഴി ഒരു പരിധിവരെ മൽസരത്തിൽ പിടിച്ചു നിൽക്കാൻ അവർക്കു സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ

18 (*108) ശ്രീ.എം.മുരളി :

പ്രൊഫ.സാവിത്രി ലക്ഷ്മണൻ :

ശ്രീ.കെ.മുഹമ്മദാലി :

ശ്രീ.അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ നടത്തിയ തീയതിയും ഫലം പ്രഖ്യാപിച്ച തീയതിയും വെളിപ്പെടുത്താമോ;

(ബി) കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചതെന്നായിരുന്നു;

(സി) പ്രോസ്പെക്ടസിൽ പറഞ്ഞിരുന്നതുപോലെ എൻട്രൻസ് വിജയികൾക്ക് കൗൺസിലിംഗ് നടത്തിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ജില്ലാ നോഡൽ സെന്ററുകളെ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിച്ച് അപ്പപ്പോൾ ഒഴിവുള്ള സീറ്റുകളുടെ വിവരം എൻട്രൻസ് വിജയികളെ അറിയിക്കുമെന്ന എൻട്രൻസ് കമ്മീഷണറുടെ പ്രഖ്യാപനം നടപ്പാക്കിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ വർഷം എൻട്രൻസിൽ വിജയികളായ മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ ലഭിക്കേണ്ട എത്ര വിദ്യാർത്ഥികൾക്ക് 30.11.2000 വരെ അഡ്മിഷൻ നൽകുകയുണ്ടായി;

(എഫ്) 1.12.2000-ൽ എത്ര മെഡിക്കൽ സീറ്റുകളിൽ ഒഴിവുണ്ടായിരുന്നു; ഈ സീറ്റുകളിൽ അഡ്മിഷൻ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) പരീക്ഷ നടന്ന തീയതി എഞ്ചിനീയറിംഗ് : 24,25 മെയ് 2000 മെഡിക്കൽ : 29, 30 മെയ് 2000. ഫലം പ്രഖ്യാപിച്ച തീയതി ആദ്യ ലിസ്റ്റ് 22 ജൂലൈ 2000. പുനഃക്രമീകരിച്ച റാങ്ക് ലിസ്റ്റ് 14 ഒക്ടോബർ 2000.

(ബി) (1) എം.ബി.ബി.എസ്-20 ഒക്ടോബർ 2000

(2) മറ്റു കോഴ്സുകളിലേക്കുള്ള പ്രിലിമിനറി അലോട്ട്മെന്റ്-2 നവംബർ 2000

(3) എല്ലാ കോഴ്സുകളിലേക്കുമുള്ള റീ-അലോട്ട്മെന്റ്-13 നവംബർ 2000

LIBRARY ARCHIVES Kerala Legislative Assembly

(സി) കൗൺസിലിംഗ് നടത്തിയില്ല. ഗവൺമെന്റ് ഉത്തരവ് പ്രകാരം ഓപ്ഷൻ സമ്പ്രദായം ആണ് സ്വീകരിച്ചത്.

(ഡി) ഓപ്ഷൻ സമ്പ്രദായം വഴി അഡ്മിഷൻ നടത്തുന്ന രീതി യായതിനാൽ നോഡൽ സെന്ററുകളിൽ കമ്പ്യൂട്ടർ വഴി ഒഴിവ് അപ്പപ്പോൾ അറിയിക്കുക സാധ്യമല്ല.

(ഇ) 11.11.2000-ലെ റീ അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരം എം.ബി.ബി.എസ്. കോഴ്സിലേക്ക് അന്നുവരെ ഒഴിവുണ്ടായ സീറ്റിലേക്കും പുതുതായി അനുവദിക്കപ്പെട്ട സീറ്റിലേക്കും അലോട്ട്മെന്റ് നടത്തിയിരുന്നു. എന്നാൽ 10.11.2000-ലെ കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രസ്തുത സീറ്റി ലേയ്ക്ക് പ്രവേശനം നടന്നില്ല.

(എഫ്) 1.12.2000-ൽ എം.ബി.ബി.എസ്. പേയ്മെന്റ് സീറ്റ് ഒഴികെ സീറ്റ് ഒഴിവുണ്ടായിരുന്നില്ല.

പാർപ്പിട പ്രശ്നം പരിഹരിക്കാൻ നടപടി

19 (*109) ശ്രീ.എൻ.കണ്ണൻ :
ശ്രീ.എൻ.ആർ.ബാലൻ :
ശ്രീ.സി.പി.ബാലൻ വൈദ്യർ :
ശ്രീ.വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) ഇതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) പൂർത്തിയാക്കിയ പദ്ധതിപ്രകാരം സംസ്ഥാനത്തെ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര വീടുകൾ വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നു വ്യക്തമാക്കുമോ;

(എഫ്) എല്ലാവർക്കും വീട് എന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം? വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) 1996-97 മുതൽ വർഷംതോറും 1 ലക്ഷം വീടുകൾ വീതവും, 1999-2000 മുതൽ 2 വർഷം കൊണ്ട് 5 ലക്ഷം വീടുകളും നിർമ്മിച്ച് 2002-ഓടെ എല്ലാവർക്കും വീട് ഉറപ്പാക്കുക എന്നാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരുന്നത്.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly